# കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്
## 'കിസ്സാൻ ജ്യോതി', ഫോർട്ട്, തിരുവനന്തപുരം
**ഫോൺ- 0471 2471343, 0471 2471344**

**വെബ്സൈറ്റ് : www.keralaagro.com .**

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തികൾ ചെയ്യുന്നതിന് വിവിധ കാറ്റഗറിയിലുള്ള കരാറുകാരുടെ പ്രത്യേകം, പ്രത്യേകം പാനൽ തയ്യാറാക്കുന്നതിനു വേണ്ടി താഴെ പറയുന്ന നടപടി ക്രമങ്ങൾ അനുസരിച്ച് അപേക്ഷകൾ സ്വീകരിക്കുന്നു.

പ്രധാനമായും കോർപ്പറേഷൻ എറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾ താഴെ പറയുന്നവയാണ്.

**I.** കേന്ദ്ര - സംസ്ഥാന സർക്കാർ വകുപ്പുകൾ പൊതു മേഖലാ സ്ഥാപനങ്ങൾ, ത്രിതല പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷനുകൾ, സർക്കാർ അതോറിറ്റികൾ, സർക്കാർ ഏജൻസികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ പ്രവൃത്തികൾ, എം.എൽ.എ ഫണ്ട്, എം.പി ഫണ്ട് പ്രകാരമുള്ള പ്രവൃത്തികൾ.

**II.** **കാറ്റഗറികൾ**

1. കാർഷിക മേഖലയിലെ പ്രവൃത്തികൾ
2. സിവിൽ (അനുബന്ധപ്രവൃത്തികൾ ഉൾപ്പെടെ)
3. മെക്കാനിക്കൽ പ്രവൃത്തികൾ
4. ഇലക്ട്രിക്കൽ(സോളാർ പ്ലാന്റ് ഉൾപ്പെടെ)

5. **മറ്റിനം(Other Works )**
   - I. മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ
   - II. വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ
   - III. ഗാർഡനിംഗും ലാൻഡ് സ്കേപ്പിംഗും
   - IV. ബയോഗ്യാസ്
   - V. ഹൈടെക് പോളിഹൗസ്
   - VI. സോളാർ പ്ലാന്റ്

ഓരോ കാറ്റഗറിയിലും നാല് ക്ലാസ്സുകളിലായാണ് കരാറുകാരെ എംപാനൽ ചെയ്യുന്നത്.

1. A ക്ലാസ്സ് - 1 കോടിയ്ക്ക് മുകളിൽ

2. B ക്ലാസ്സ് - 75 ലക്ഷത്തിനു മുകളിൽ 1 കോടി രൂപ വരെ
3. C ക്ലാസ്സ് - 25 ലക്ഷത്തിനു മുകളിൽ 75 ലക്ഷം വരെ
4. D ക്ലാസ്സ് - 1 ലക്ഷത്തിനു മുകളിൽ 25 ലക്ഷം വരെ

എംപാനൽമെന്റിന് അപേക്ഷിക്കാൻ നിശ്ചിത അപേക്ഷാഫോറം ഉണ്ടായിരിക്കുന്നതാണ്. അപേക്ഷാ ഫീസ് എല്ലാ കാറ്റഗറി കരാറുകാർക്കും 1000 (ആയിരം) രൂപ ആയിരിയ്ക്കും.

കരാറുകാരുടെ ക്ലാസ്സ് അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം പ്രോസ്സസ്സിംഗ് ഫീസ് ഉണ്ടായിരിക്കുന്നതാണ്.

a) A ക്ലാസ്സ് - Rs.5,000/-
b) B ക്ലാസ്സ് - Rs.4,000/-
c) C ക്ലാസ്സ് - Rs.3,000/-
d) D ക്ലാസ്സ് - Rs.2,000/-

ഓരോ കാറ്റഗറിക്കും, ഓരോ ക്ലാസ്സിനും കാറ്റഗറി കോഡും, ക്ലാസ്സ് കോഡും പ്രത്യേകം പ്രത്യേകം രേഖപ്പെടുത്തിയ അപേക്ഷാഫോറം ഉണ്ടായിരിക്കും. അപേക്ഷ പുതുക്കാൻ പുതുക്കൽ അപേക്ഷാഫോറം രണ്ടു വർഷത്തിൽ ഒരിക്കൽ നൽകണം.

പൂരിപ്പിച്ച അപേക്ഷയോടൊപ്പം പ്രോസ്സസ്സിംഗ് ഫീസ് അടച്ച രസീതും, ആവശ്യപ്പെടുന്ന രേഖകളും നിശ്ചിത സമയത്തിനുള്ളിൽ A Class കരാറുകാർ ഹെഡ് ഓഫീസിലും മറ്റ് ക്ലാസ്സുകാർ അതാത് യൂണിറ്റ് ഓഫീസിലും ഹാജരാക്കിയിരിക്കണം. A,B ക്ലാസ്സ് കരാറുകാരുടെ അപേക്ഷകളുടെ പരിശോധന സംസ്ഥാന തലത്തിലും C, D ക്ലാസ്സ് കരാറുകാരുടെ അപേക്ഷകളുടെ പരിശോധന ജില്ലാ തലത്തിലും നടത്തുന്നതായിരിക്കും.

പൂരിപ്പിച്ച അപേക്ഷയും മറ്റ് രേഖകളും 25.05.2019 മൂന്ന് മണിയ്ക്കു മുമ്പായി അതാത് ഓഫീസുകളിൽ ഹാജരാക്കേണ്ടതാണ്.

സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുവാനോ, നിരസിക്കുവാനോ ഉള്ള അധികാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ബന്ധപ്പെട്ട നടപടി ക്രമങ്ങൾ അനുസരിച്ച് കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കും.

ഓരോ കാറ്റഗറിക്കും, ക്ലാസ്സിനും പ്രത്യേകമായി അപേക്ഷ നൽകേ താണ്.

സ്ക്രൂട്ടിനി കഴിഞ്ഞ് യോഗ്യരായ കരാറുകാരെ ഉൾപ്പെടുത്തിയുള്ള എംപാനൽ ലിസ്റ്റ് കോർപ്പറേഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

മാനേജിംഗ് ഡയറക്ടർ

**കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ കരാറുകാരായി രജിസ്റ്റർ/പുതുക്കൽ ചെയ്യുന്നതിനുള്ള അപേക്ഷാഫോറം**

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര്/സ്ഥാപനത്തിന്റെ പേര് | |
| 2 | ഫോൺ നമ്പർ<br>ഓഫീസ് :<br>വീട് : | മൊബൈൽ : |
| 3 | മേൽവിലാസം | |
| 4 | അപേക്ഷിക്കുന്ന കാറ്റഗറി | |
| 5 | അപേക്ഷിക്കുന്ന ക്ലാസ്സ് | |
| 6 | നിലവിലുള്ള കാറ്റഗറി<br>(കെയ്കോയിൽ എംപാനൽ രജിസ്ട്രേഷൻ ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ) | |
| 7 | നിലവിലുള്ള ക്ലാസ്സ്<br>(ക്ലാസ്സ് ഉയർത്തണമെങ്കിൽ അതിന്റെ വിശദമായ രേഖകൾ) | |

| | | |
|---|---|---|
| 8 | മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ എംപാനൽ രജിസ്ട്രേഷൻ ഉണ്ടോ? ഉണ്ടെങ്കിൽ അതിന്റെ രേഖ | |
| 9 | നിലവിലുള്ള തൊഴിലാളികളുടെ വിശദമായ വിവരങ്ങൾ | സാങ്കേതികപരിജ്ഞാനമുള്ള ജോലിക്കാരുടെ വിവരങ്ങൾ:<br><br>സാധാരണ ജോലിക്കാരുടെ വിവരങ്ങൾ: |
| 10 | നിലവിലുള്ള മെഷീനറികളുടേയും, ഉപകരണങ്ങളുടേയും വിവരങ്ങൾ | |
| 11 | ഇ-മെയിൽ ഐ.ഡി | |
| 12 | ബാങ്കിന്റെ പേര് | |
| | അക്കൗ ് നമ്പർ | |
| | IFSC കോഡ് | |
| 13 | പ്രവൃത്തി പരിചയം തെളിയിക്കുന്ന വിവരങ്ങൾ<br>(രേഖകൾ പ്രത്യേകമായി ഉൾപ്പെടുത്തുക) | |
| 14 | PWD രജിസ്ട്രേഷൻ ഉണ്ടെങ്കിൽ അതിന്റെ വിശദമായ വിവരങ്ങൾ | |
| 15 | ആദായനികുതി കൊടക്കുന്നുണ്ടെങ്കിൽ അതിന്റെവിവരങ്ങളും, പാൻ കാർഡ് നമ്പറും (പകർപ്പ് സഹിതം ഉള്ളടക്കം ചെയ്യുക) | |
| 16 | കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ചെയ്ത പ്രവർത്തികളുടെ വിശദവിവരങ്ങളും അതിന്റെ രേഖകളും (ആവശ്യമെങ്കിൽ പ്രത്യേകമായി ഉൾപ്പെടുത്താം) | |

| | | |
|---|---|---|
| | | |
| 17 | അപേക്ഷാഫോറത്തോടൊപ്പം വച്ചിട്ടുള്ള രേഖകൾ | |
| 18 | കൂടുതലായിട്ടുള്ള വിവരങ്ങൾ ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് | |

മേൽ പറഞ്ഞ വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പൂർണ്ണമായും ശരിയാണെന്ന് ഉറപ്പു വരുത്തുന്നു.

തീയതി :  ഒപ്പ് :

സ്ഥലം :  പേര് :

ഓഫീസ് ആവശ്യത്തിന് :